**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1078** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>വില്ലേജ് ഓഫീസുകളുടെ നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. ടി. ബൽറാം

ശ്രീ. ടോണി ചമ്മണി

ശ്രീ. മുഹമ്മദ് ഷിയാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, ജീർണ്ണിച്ച കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനും/നവീകരിക്കുന്നതിനുമായി "സ്മാർട്ട് വില്ലേജ്" പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ വില്ലേജ് ഓഫീസുകളിൽ ഒരുക്കി വരുന്നുണ്ട്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ആണ് നിർമ്മിച്ച വരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു.

ഇതു കൂടാതെ പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോട്ടുകൂടിയ സന്ദർശക മുറിയും, കുടിവെള്ള സൗകര്യവും, ടോയ്ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ച വരുന്നത്.

സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണം/നവീകരണ പ്രവർത്തനങ്ങൾ പ്ലാൻ സ്കീം/റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്/SASCI (കേന്ദ്ര പദ്ധതി)/ആസ്തി വികസനം പദ്ധതികൾ പ്രകാരമാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്.

**(ബി)** കാലപ്പഴക്കം നിമിത്തം ജീർണ്ണിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

**<u>മറുപടി:</u>** (എ) പിരിവിന്റെ മറുപടി.

**(സി)** വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** (എ) പിരിവിന്റെ മറുപടി.

**സെക്ഷൻ ഓഫീസർ**